LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടത്തിപ്പ് നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിരുന്നുവോ; എങ്കിൽ കാരണം വിശദമാക്കാമോ?

പദ്ധതി നടത്തിപ്പ് നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിരുന്നില്ല.

**മങ്കട സി.എച്ച്.സി. മാസ്റ്റർ പ്ലാൻ എസ്റ്റിമേറ്റ്**

354 (354) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള മങ്കട സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പാക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മങ്കട സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പാക്കൽ എന്ന പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം**

355 (355) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ശാന്തകുമാരി.കെ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഗുണഭോക്തൃ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; അപേക്ഷകളുടെ സൂക്ഷ്മ പരിശോധന, അന്തിമപട്ടിക എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 2020-21 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ 27-7-2020-ലെ സ.ഉ.(എം.എസ്) 112/2020/ത.സ്വ.ഭ.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള

മാനദണ്ഡങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയാവുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ ഭൂരഹിതർക്കും ഭവനരഹിതർക്കും മാന്യമായ പാർപ്പിടം എന്ന ലക്ഷ്യം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ലഭ്യമായ അപേക്ഷകളിന്മേൽ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അഞ്ച് വർഷത്തിനുള്ളിൽ മുൻഗണനാ ക്രമത്തിൽ ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

**എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തികൾ**

356 (356) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ചശേഷം നിർമ്മാണവേളയിൽ ഉണ്ടാകുന്ന എസ്റ്റിമേറ്റ് ഭേദഗതികൾക്ക് എം.എൽ.എ.-മാരുടെ അനുമതി കത്ത് ആവശ്യമാണോയെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകൾ/സർക്കുലറുകൾ നിലവിലുണ്ടെങ്കിൽ വ്യക്തമാക്കാമോ?

നിർമ്മാണവേളയിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽനിന്നും പ്രവൃത്തിക്ക് ഘടനാപരമായ വ്യത്യാസങ്ങൾ വരുത്തേണ്ടിവരുന്ന സാഹചര്യത്തിൽ, എം.എൽ.എ.-യുടെ ശിപാർശ കത്ത് ആവശ്യപ്പെടാറുണ്ട്. 4-8-2018-ലെ സർക്കാർ ഉത്തരവ് 119/2018/ധന. പ്രകാരം സ്ഥലത്തിലെ മാറ്റങ്ങൾ, പ്രവൃത്തി ടി സ്ഥലത്ത് അനിവാര്യമല്ലാതെ വരിക എന്നീ സാഹചര്യത്തിൽ എം.എൽ.എ.-യ്ക്ക് റിപ്പോർട്ട് ചെയ്യണം എന്ന് വിശദമാക്കുന്നുണ്ട്.

(ബി) തികച്ചും സാങ്കേതികപരമായ കാര്യങ്ങൾക്ക് എഞ്ചിനീയർമാരുടെ അനുമതി മാത്രം മതിയെന്നിരിക്കെ പ്രവൃത്തികളിലെ ചെറുതും വലുതുമായ ഭേദഗതികൾക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം എം.എൽ.എ.-മാരുടെ കത്ത് ആവശ്യപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നതും പൂർത്തീകരിച്ച പ്രവൃത്തികളിൽ കരാറുകാർക്ക് ബിൽ മാറി നൽകുന്നത് താമസിപ്പിക്കുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly